(സി) റോഡുകൾ രൂപകല്പന ചെയ്ത ട്രാഫിക് വോള്യത്തിനേക്കാൾ നിലവിലെ ട്രാഫിക് വോള്യം ഉയരുമ്പോൾ ട്രാഫിക് ഉൾക്കൊള്ളാൻ നമ്മുടെ റോഡുകൾ അപര്യാപ്തമാകുകയും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യും. നാലുവരി പാത ആക്കിയിട്ടുള്ള ദേശീയപാതയിൽ സുരക്ഷിതവും സുഗമവുമായ സഞ്ചാരത്തിന് അനുവദനീയമായ ഗതാഗത സാന്ദ്രത 30000 പി.സി.യു.വും ആകയാൽ സംസ്ഥാനത്തെ നിലവിലെ ദേശീയപാതകൾ വാഹനങ്ങൾക്ക് സുഗമമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിന് അപര്യാപ്തമാണ്.

(ഡി) കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ഒരു സ്വകാര്യ വാഹനത്തിന് നൽകുന്ന പതിനഞ്ച് വർഷത്തെ രജിസ്ട്രേഷൻ കാലാവധി വാഹനം ഉപയോഗയോഗ്യമാണെങ്കിൽ വീണ്ടും പുതുക്കി നൽകാവുന്നതാണ്. (ഒരു തവണ 5 വർഷം എന്ന കണക്കിൽ) ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളിടത്തോളം കാലം റോഡിൽ ഉപയോഗിക്കാവുന്നതാണ്. കണ്ടം ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുക വാഹന കമ്പനികളിൽ നിന്നും ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഇ) നിലവിലെയും ഭാവിയിലെയും ഗതാഗത സാന്ദ്രത കണക്കിലെടുത്താണ് ദേശീയ പാതകളുടേയും സംസ്ഥാന പാതകളുടേയും വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതു പ്രകാരമുള്ള വികസനം പൂർത്തിയാകുമ്പോൾ സുഗമവും സുരക്ഷിതവുമായ വാഹന ഗതാഗതം സാധ്യമാകുന്നതാണ് എന്നു പ്രതീക്ഷിക്കുന്നു.

പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

270 (1975) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഏതെങ്കിലും ഏജൻസികളിൽനിന്നും പണം സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2235 ബസ് ഷാസികൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ 1563 ബസ് ഷാസികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ 10 മൾട്ടി ആക്സിൽ വോൾവോ ബസുകളും വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 245.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഈടായി നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കി പുറത്തിറക്കിയ ബസ്സുകൾ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് ഹഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഹഡ്കോയിൽ നിന്നുള്ള വായ്പ 7 വർഷം തിരിച്ചടവ് കാലാവധിയുള്ളതാണ്. വായ്പയുടെ നിലവിലെ പലിശ നിരക്ക് 11.25 ശതമാനമാണ്. കെ.എസ്.റ്റി 133 -ൽ നിന്നും 5 വർഷം തിരിച്ചടവ് കാലാവധിയിലും 11 ശതമാനം പലിശ നിരക്കിലുമാണ് വായ്പയെടുത്തിട്ടുള്ളത്.

ഒത്തുതീർപ്പ് വ്യവസ്ഥകൾ

271 (1976) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; പെൻഷൻ വിതരണത്തിന് പ്രതിമാസം എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുമെന്നായിരുന്നു തീരുമാനം ; ആയതുപ്രകാരം ഇക്കഴിഞ്ഞ മാസങ്ങളിൽ സർക്കാരും കെ.എസ്.ആർ.ടി.സി.-യും ട്രഷറിയിൽ നിക്ഷേപിച്ച തുക എത്ര ; വിശദമാക്കാമോ ;

ഉത്തരം

(എ) യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) യോഗത്തിലെ തീരുമാനങ്ങൾ KSRTC നടപ്പാക്കിവരുന്നു. പെൻഷൻ വിതരണത്തിനായി ഓരോ മാസവും KSRTC ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക (പരമാവധി 20 കോടി രൂപ) നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം KSRTC 14.40 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly